WEDNESDAY 18-01-2023 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : PADMAM S. Editor : Dr. BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)–18/01/2023.

1. ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ ഭാഗമായി കൃഷി വകുപ്പ് മന്ത്രിയും വകുപ്പിലെ ഉദ്യോഗസ്ഥരും കാർഷിക ബ്ലോക്കുകൾ കേന്ദ്രീകരിച്ച് വിവിധ കാർഷിക മേഖലകളിലെ കർഷകരോട് സംവദിച്ച് കർഷകരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുകയും പരിഹരിക്കുകയും ചെയ്യുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള കൃഷിദർശൻ എന്ന പരിപാടി ജനുവരി മാസം തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് ബ്ലോക്കിൽ ആരംഭിക്കുകയാണ്. പ്രസ്തുത പദ്ധതി നെടുമങ്ങാട് ബ്ലോക്കിൽ 2023 ജനുവരി 24 ന് തുടക്കം കുറിക്കുകയാണ്. പരിപാടിക്ക് മുന്നോടിയായി കർഷകർക്ക് അവരുടെ പരാതികൾ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. കൃഷിവകുപ്പിന്റെ എയിംസ് (അഗ്രികൾച്ചർ ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം) പോർട്ടലിന്റെ പുതിയ പതിപ്പിലൂടെയാണ് കർഷകർ പരാതികൾ സമർപ്പിക്കേണ്ടത്. 2023 ജനുവരി 16 മുതൽ 20 വരെയാണ് പരാതികൾ ഓൺലൈനായി സമർപ്പിക്കേണ്ടത്. എഴുതി തയ്യാറാക്കിയ പരാതികൾ ഓൺലൈനായി അപ്ലോഡും ചെയ്യാവുന്നതാണ്. കർഷകർക്ക് നേരിട്ടോ, അതത് കൃഷിഭവനുകൾ വഴിയോ പരാതികൾ സമർപ്പിക്കാവുന്നതാണ്.

2. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള പിലിക്കോട് ഉത്തര മേഖല കാർഷിക ഗവേഷണ കേന്ദ്രത്തിൽ വച്ച് ഫെബ്രുവരി 19 മുതൽ 28 വരെ R A R S ഫാം കാർണിവൽ സഫലം –2023, നടത്താൻ തീരുമാനിച്ചിരിക്കുന്നു. ഉത്തര മേഖലയിലെ കാർഷിക മേഖലയ്ക്ക് കൈത്താങ്ങായി സംഘടിപ്പിക്കുന്ന പ്രസ്തുത ഫാം കാർണിവൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉൽഘാടനം നിർവഹിക്കുന്നു. ഈ ഫാം ഷോയിൽ വാണിജ്യ സ്റ്റാളുകൾ, ഭക്ഷ്യോൽപ്പന്ന സ്റ്റാളുകൾ മുതലായവ ക്രമീകരിക്കാൻ താല്പര്യമുള്ളവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകർ ജനുവരി 23 -ന് മുൻപായി adrpil@kau.in എന്ന ഇ-മെയിൽ വിലാസത്തിൽ താത്പര്യം അറിയിക്കുകയോ, 7306234758/ 9633406694 ഫോൺ നമ്പറുകളിൽ ബന്ധപ്പെടുകയോ ചെയ്യാം. സ്റ്റാൻഡേർഡ് സ്റ്റാൾ വലുപ്പം 3X3 മീറ്റർ സ്ക്വയർ ആയിരിക്കും. പത്തു ദിവസം നടക്കുന്ന ഈ പരിപാടിയിൽ സ്റ്റാളുകൾ ഇടാൻ നികുതി ഉൾപ്പെടെ 17,770/- രൂപ മുൻകൂറായി അടക്കേണ്ടതുണ്ട്. ഒരു ഇനത്തിൽപ്പെട്ട ഒരു സ്റ്റാൾ മാത്രമേ

അനുവദിക്കൂ. ഒന്നിൽ കൂടുതൽ ആളുകൾ ഒരേ ഇനത്തിന് വേണ്ടി ബന്ധപ്പെട്ടാൽ ലേലം നടത്തി സ്റ്റാളുകൾ വിതരണം ചെയ്യുന്നതായിരിക്കുമെന്ന് പിലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം അസ്സോസിയേറ്റ് ഡയറക്ടർ അറിയിച്ചു.

3. ക്ഷീരവികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ 2023 ഫെബ്രുവരി മാസത്തിൽ തൃശൂരിൽ വച്ച് നടത്തപ്പെടുന്ന 2022-23 വർഷത്തെ സംസ്ഥാന ക്ഷീരസംഗമത്തോട് അനുബന്ധിച്ച് ക്ഷീരോല്പാദന മേഖലയിലെ മാധ്യമ ഇടപെടലുകൾ കൂടുതൽ ശക്തമാക്കുന്നതിന് മാധ്യമ പ്രവർത്തകർക്കായി ക്ഷീരമേഖലയുമായി ബന്ധപ്പെട്ട സൃഷ്ടികൾക്ക് പുരസ്കാരങ്ങൾ നല്കുന്നു. ക്ഷീരവികസനവുമായി ബന്ധപ്പെട്ട് പുരസ്കാരങ്ങൾക്കായി അപേക്ഷകൾ ക്ഷണിയ്ക്കുന്നു. പൊതുവിഭാഗത്തിൽ മികച്ച പത്ര റിപ്പോർട്ട്, മികച്ച പത്ര ഫീച്ചർ, മികച്ച ഫീച്ചർ/ലേഖനം (കാർഷിക മാസികകൾ), ക്ഷീരമേഖലയിലെ മികച്ച പുസ്തകം, മികച്ച ശ്രവ്യ മാധ്യമ ഫീച്ചർ, മികച്ച ദൃശ്യ മാധ്യമ റിപ്പോർട്ട്, മികച്ച ദൃശ്യ മാധ്യമ ഫീച്ചർ, മികച്ച ദൃശ്യ മാധ്യമ ഡോക്കുമെന്ററി/മാഗസിൻ പ്രോഗ്രാം, 'ഗ്രാമീണ സ്പന്ദനം ക്ഷീരവൃത്തിയിലൂടെ' എന്ന വിഷയത്തിൽ മികച്ച ഫോട്ടോഗ്രാഫ് എന്നിവയ്ക്കും ക്ഷീരവികസന വകുപ്പ് ഉദ്യോഗസ്ഥർക്ക് മികച്ച ഫീച്ചർ - ദിനപ്പത്രം, ആനുകാലികം, മികച്ച ഫോട്ടോഗ്രാഫ് എന്നിവക്കുമാണ് അപേക്ഷകൾ ക്ഷണിച്ചിട്ടുള്ളത്. എൻട്രികൾ 2022 ജനുവരി 01 മുതൽ 2022 ഡിസംബർ 31 വരെ ഉള്ള കാലയളവിൽ പ്രസിദ്ധപ്പെടുത്തിയതായിരിക്കണം. മത്സരം സംബന്ധിച്ചുള്ള നിബന്ധനകളും അപേക്ഷാഫാറത്തിന്റെ മാതൃകയും വകുപ്പിന്റെ വെബ്സൈറ്റിൽ നിന്നും (www.dairydevelopment.kerala.gov.in) ലഭ്യമാണ്. വിജയികൾക്ക് 25,000/- രൂപ ക്യാഷ് അവാർഡും ഫലകവും പ്രശസ്തി പത്രവും നൽകുന്നതായിരിക്കും. 28.01.2023 വൈകിട്ട് 5 മണി വരെ അപേക്ഷകൾ സ്വീകരിക്കുന്നതാണ്. അപേക്ഷകൾ അയക്കേണ്ട വിലാസം-രാംഗോപാൽ.ആർ, ഡെപ്യൂട്ടി ഡയറക്ടർ (എക്സ്റ്റൻഷൻ) ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റ് പട്ടം പി.ഒ, തിരുവനന്തപുരം - 695004 കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ - 62356611, 9497782824.

4. കേരള കർഷകൻ മാസികയുടെ ഉള്ളടക്കം കൂടുതൽ മികച്ചതാക്കി മാറ്റുന്നതിനായി എറണാകുളം ഫാം ഇൻഫർമേഷൻ ബ്യൂറോയുടെയും ചെട്ടികുളങ്ങര കൃഷിഭവന്റെയും സംയുക്താഭിമുഖ്യത്തിൽ വായനക്കാരുടെ കൂട്ടായ്മയായ വായനക്കളരി സംഘടിപ്പിക്കുന്നു. വായന കളരിയുടെ ഭാഗമായി ഇന്ന്

(18.01.2023) രാവിലെ 10.30 ന് ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ വച്ച് പച്ചക്കറി കൃഷിയിലെ കീടരോഗ നിയന്ത്രണം എന്ന വിഷയത്തിൽ ഒരു കാർഷിക സെമിനാറും സംഘടിപ്പിച്ചിട്ടുള്ളതായി എറണാകുളം ജില്ലാ ഫാം ഇൻഫർമേഷൻ ബ്യൂറോ കൃഷി അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു

5. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേരള 2022 - 23 സാമ്പത്തിക വർഷം രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടെ വാഴ, പച്ചക്കറി എന്നിവയ്ക്കായി തുറസായ സ്ഥലത്ത് കൃത്യതാകൃഷിയ്ക്ക് അപേക്ഷ ക്ഷണിക്കുന്നു. സംസ്ഥാനത്തെ തിരുവനന്തപുരം, കൊല്ലം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. തുള്ളി നന സൗകര്യത്തോടു കൂടിയുള്ള കൃഷി, പ്ലാസ്റ്റിക് മൾച്ചിംഗ് എന്നീ ഘടകങ്ങൾ ചെയ്യുന്ന യൂണിറ്റുകൾക്കാണ് ധനസഹായം നൽകുക. ഇത്തരത്തിൽ വാഴയ്ക്ക് ഹെക്ടർ ഒന്നിന് 96,000 രൂപയും പച്ചക്കറി ഹെക്ടർ ഒന്നിന് 91,000 രൂപയും ധനസഹായം അനുവദിക്കുന്നു. അപേക്ഷകൾ സമർപ്പിക്കുന്നതിനായി കൃഷിയിടം സ്ഥിതി ചെയ്യുന്ന പരിധിയിലെ കൃഷിഭവനുമായോ ജില്ലാ ഹോർട്ടികൾച്ചർ മിഷനുമായി ബന്ധപ്പെടാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്കും ജില്ലാ ഓഫീസറുടെ ഫോൺ നമ്പറിനും www.shm.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണെന്ന് തിരുവനന്തപുരം ജില്ലാ ഹോർട്ടികൾച്ചർ മിഷൻ - കേരള ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് സംസ്ഥാന ഹോർട്ടികൾച്ചർമിഷൻ- കേരള, യൂണിവേഴ്സിറ്റി പി ഒ പാളയം, തിരുവനന്തപുരം ഫോൺ നമ്പർ **0471 – 2330857, 9188954089**

6. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ 25 മെട്രിക് ടൺ വരെ ഉള്ളി സംഭരിച്ച് വയ്ക്കുന്നതിനുള്ള 'ഒണിയൻ സ്റ്റോറേജ് സ്ട്രക്ചർ' നിർമ്മിക്കുന്നതിന് യൂണിറ്റൊന്നിന് ചെലവിന്റെ 50% പരമാവധി 87500/- രൂപ ധനസഹായം നൽകുന്നു. കർഷകർ, കൂട്ടായ്മകൾ, സംരംഭകർ, കച്ചവടക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവർക്ക് അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള, യൂണിവേഴ്സിറ്റി പി.ഒ., പാളയം, തിരുവനന്തപുരം, എന്ന മേൽവിലാസത്തിലോ, **0471 2330857, 9188954089** എന്ന ഫോൺ നമ്പരിലോ, www.shm.kerala.gov.in എന്ന വെബ്സൈറ്റിലോ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

7. താമരക്കുളം കേരഗ്രാമം പദ്ധതി ഉദ്ഘാടനം ഇന്ന് (18.05.2023) വൈകിട്ട് 5 മണിയ്ക്ക് താമരക്കുളം വാഴവിളയിൽ ഓഡിറ്റോയിയത്തിൽ വച്ച് കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് അവർകൾ നിർവ്വഹിക്കുന്നു. അതോടനുബന്ധിച്ച് രാവിലെ 10 മണി മുതൽ സ്റ്റാളുകളുടെ പ്രദർശനവും ഉച്ചയ്ക്ക് 2 മണിയ്ക്ക് തെങ്ങു കൃഷി പരിപാലനം, രോഗകീട നിയന്ത്രണം എന്നീ വിഷയങ്ങളിൽ സെമിനാറും നടക്കുന്നു.

## പരിശീലന പരിപാടികൾ

8. എറണാകുളം ജില്ലയിലെ ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് 2023 ജനുവരി 19 ന് (19.01.2023) ആട് വളർത്തൽ, 21 ന് (21.01.2023) മുട്ടക്കോഴി വളർത്തൽ എന്നീ വിഷയങ്ങളിൽ പരിശീലന പരിപാടി നടത്തുന്നു. താല്പര്യമുള്ളവർ 9188522708 എന്ന നമ്പറിൽ വാട്സ്ആപ്പ് സന്ദേശം അയച്ചു ഓഫീസ് സമയങ്ങളിൽ ഈ നമ്പറിൽ വിളിച്ചോ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രം ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

9. കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി മുനിസിപ്പാലിറ്റി, ഓച്ചിറ, ക്ലാപ്പന, തഴവ, കുലശേഖപുരം, തൊടിയൂർ, ആലപ്പാട് , മൈനാഗപ്പള്ളി, ശൂരനാട് നോർത്ത്, ശൂരനാട് സൗത്ത് തേവലക്കര പന്മന, ചവറ, തെക്കുംഭാഗം, നീണ്ടകര ഗ്രാമ പഞ്ചായത്തുകളിൽ മൃഗസംരക്ഷണ വകുപ്പും ഓണാട്ടുകര വികസന സമിതിയും ചേർന്ന് 2022-23 സാമ്പത്തിക വർഷം നടപ്പിലാക്കുന്ന **പോത്തുകുട്ടി പരിപാലന പദ്ധതി** യുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് ടി പഞ്ചായത്ത് മുനിസിപ്പാലിറ്റിയിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. ഈ പദ്ധതി പ്രകാരം 334 കർഷകർക്കാണ് ആനുകൂല്യം ലഭിക്കുന്നത്. മേൽപ്പറഞ്ഞ പഞ്ചായത്ത് മുനിസിപ്പാലിറ്റികളിലെ താത്പര്യമുള്ള കർഷകർ ബന്ധപ്പെട്ട പഞ്ചായത്ത്/മുനിസിപ്പാലിറ്റി പരിധിയിൽപ്പെടുന്ന മൃഗാശുപത്രികളിൽ 20/01/2023 -നകം അപേക്ഷ നൽകേണ്ടതാണെന്ന് കൊല്ലം ജില്ലാ മൃഗസംരക്ഷണ ഓഫീസർ അറിയിച്ചു.

**10.** റബ്ബർപാൽ വിപണനം, ഷീറ്റുറബ്ബർ സംസ്കരണം എന്നിവ സംബന്ധിച്ച സംശയങ്ങൾ ദൂരീകരിക്കാൻ റബ്ബർബോർഡ് കോൾസെന്ററുമായി ബന്ധപ്പെടാം. ഇതുസംബന്ധമായ ചോദ്യങ്ങൾക്ക് റബ്ബർബോർഡിലെ അസിസ്റ്റന്റ് ക്വാളിറ്റി കൺട്രോൾ ഓഫീസർ എം.എൻ. ബിജു ഇന്ന് രാവിലെ (18.01.2023) 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ ഫോണിലൂടെ മറുപടി നൽകുന്നതാണ്. കോൾസെന്റർ നമ്പർ **0481 2576622.**



ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം